July : 12

# ജോയിന്റ് ഫോറം ബുള്ളറ്റിൻ - 4

സമരവുമായി ബന്ധപ്പെട്ട് മാനേജ്മെന്റ് അനുരഞ്ജന യോഗം വിളിച്ചുചേർത്തിരുന്നു. പഴയതിൽ നിന്നും പുതുതായി ഒന്നും മാനേജ്മെന്റിന് പറയാനില്ലാത്തതിനാൽ ഇന്നത്തെ ചർച്ച പരാജയപ്പെട്ടു എങ്കിലും തുടർച്ച ചർച്ചകൾ നടത്താം എന്ന ധാരണ യിൽ ഇന്നേക്ക് പിരിഞ്ഞു.

നാലുമണിക്ക് ചേരാനിരുന്ന യോഗം 3:10 നാണ് നമ്മെ അറിയിച്ചത്. ചർച്ചയിൽ പങ്കെടുക്കാനാവശ്യമായ മുന്നൊരുക്കങ്ങൾ നടത്താൻ പ്രയാസമാകും വിധമാണ് മാനേജ്മെന്റ് ചർച്ചയ്ക്ക് നമ്മെ ക്ഷണിച്ചത്. ഈ ഒരു പശ്ചാത്തലത്തിൽ യോഗം ബഹി ഷ്ക്കരിക്കാൻ ആലോചിച്ചുവെങ്കിലും, ചർച്ചയ്ക്ക് പങ്കെടുത്ത് ഇത് സംബന്ധിച്ച ശക്തമായ പ്രതിഷേധം അറിയിക്കാം എന്ന പൊതുധാരണയിൽ ആണ് നാം യോ ഗത്തിൽ പങ്കെടുത്തത്.

ഒപ്പ് വച്ച കരാർ മാനേജ്മെന്റിനെ കൊണ്ട് പൂർണ്ണമായും നടപ്പിലാക്കിക്കാൻ നാം തീരുമാനിച്ച സമരപരിപാടികൾ അതിശക്തമായി മുന്നോട്ടു കൊണ്ടുപോകണമെന്നും അതിനായി മുഴുവൻ ജീവനക്കാരും സ്വമേധയാ മുന്നോട്ടുവരണമെന്നും ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു.

ജനറൽ സെക്രട്ടറി

**KGBEU OU**

**KGBSA OC**

**KGBEA OA**

**KGBWO OO**